4C/39
16/3121

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

നം. സാനീവ-ബി3/47/2021/സാനീവ

സാമൂഹ്യനീതി (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 17/02/2021

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ് – തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 – പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിയ ബുക്ക് ലെറ്റ് തയ്യാറാക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നല്കുന്നത് – സംബന്ധിച്ച്.

സൂചന: 1. സ.ഉ(സാധാ) നം. 255/2016/സാനീവ തീയതി 23.05.2016.
2. സ.ഉ(സാധാ)നം. 489/2018/സാനീവ തീയതി 13.08.2018.
3. വനിത ശിശു വികസന ഡയറക്ടറുടെ 28.01.2021 ലെ ഡബ്ല്യുഇസി-5/15415/20 നമ്പർ കത്ത്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശു വികസന ഡയറക്ടറേറ്റിനെ പരാമർശം (1), (2) പ്രകാരം നിയമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള ചുമതല വനിത ശിശു വികസന വകുപ്പിൽ നിക്ഷിപ്തമാണ്. പത്തോ അതിൽ കൂടുതൽ ജീവനക്കാർ തൊഴിലെടുക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ ഈ നിയമത്തിൽ അനുശാസിക്കും വിധം ഇന്റേണൽ കമ്മിറ്റികൾ നിലവിലുണ്ടെന്നും പത്തിൽ താഴെ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ പരാതികൾ ജില്ലയിലെ ലോക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കാവുന്നതാണെന്നും, ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ലഘുവായി വിവരിക്കുന്ന ഒരു ബുക്ക് ലെറ്റ് തയ്യാറാക്കി സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിതരണം ചെയ്ത് ഈ നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്നും, ഈ ആവശ്യകത കണക്കിലെടുത്ത് തൊഴിലിടങ്ങളിലെ ഇന്റേണൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങളെക്കുറിച്ച്, ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് നല്കുന്നതിനായി C apt മുഖേന തയ്യാറാക്കിയ കാർട്ടൂൺ രൂപത്തിലുള്ള ഒരു ബുക്ക് ലെറ്റ് (link WCD Website-ൽ ലഭ്യമാണ് ) അതാതു വകുപ്പുകൾ office expense Fund -ൽ നിന്നും പ്രിന്റ് ചെയ്ത് എല്ലാ ജീവനക്കാർക്കും നല്കുകയും, പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഓരോരുത്തർക്കും ഇത് കൃത്യമായി എല്ലാ

കാലത്തും നല്കേണ്ടതുമാണ്. 10 ഉം അതിൽ കൂടുതലും ജീവനക്കാർ ജോലി ചെയ്യുന്നതുമായ എല്ലാ പ്രൈവറ്റ് സ്ഥാപനങ്ങളിലേയും എല്ലാ ജീവനക്കാർക്കും സ്ഥാപനത്തിന്റെ തന്നെ ചെലവിൽ ഈ ബുക്ക് ലെറ്റ് നല്കുന്നതിനുള്ളനടപടി തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
(ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനായി)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Seema

സെക്ഷൻ ഓഫീസർ